(സി) ഇത്തരത്തിലുള്ള എത്ര കേസുകൾ നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടില്ല. വിരമിച്ച ജീവനക്കാർക്കെതിരെയുള്ള കോടതി കേസുകൾ തീർപ്പാകുന്ന മുറയ്ക്ക്. അർഹതയ്ക്ക് വിധേയമായി പെൻഷൻ ആനുകൂല്യങ്ങൾ നൽകാനും കെ.എസ്.ആർ. ഭാഗം 3 ചട്ടം 3A-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദേശീയ സമ്പാദ്യ പദ്ധതിയിലേയ്ക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി നടപടി

126 (7962) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ ഏജന്റുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി പത്ര പരസ്യം നൽകുകയും ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ കമ്മീഷൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി അസിസ്റ്റന്റ് ഡയറക്ടർമാരുടെ എട്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ബാക്കി ഏഴ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ മറ്റ് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly